# എം റ്റി ഡി എം എച്ച് എസ് എസ്
# തൊണ്ടർനാട്




# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025 –26

ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. ലക്ഷ്യങ്ങൾ
4. വിഷയമേഖലകൾ
5. മലയാളം
6. സംസ്കൃതം
7. ഉറുദു
8. ഇംഗ്ലീഷ്
9. ഹിന്ദി
10. ഗണിതം
11. ശാസ്ത്രം
12. സാമൂഹ്യ ശാസ്ത്രം
13. കലാ കായിക പ്രവർത്തി പരിചയ പഠനം
14. മോണിറ്ററിങ് സമിതി
15. ഉപസംഹാരം

## വിദ്യാർഥികളുടെ എണ്ണം 2022 മുതൽ

| Sl. No | Year | VIII | IX | X | Total |
|---|---|---|---|---|---|
| 1 | 2022 - 23 | 228 | 227 | 232 | 687 |
| 2 | 2023 - 24 | 219 | 247 | 222 | 684 |
| 3 | 2024 - 25 | 243 | 242 | 253 | 738 |
| 4 | 2025 - 26 | 278 | 255 | 241 | 774 |

## അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എണ്ണം

| Year | Teaching Staff | Non Teaching Staff |
|---|---|---|
| 2025 - 2026 | 25 | 4 |

## കെട്ടിട സൗകര്യങ്ങൾ

| ക്ലാസ് റൂം | ലാബ് | ലൈബ്രറി | ഓഡിറ്റോറിയം | സ്റ്റാഫ് റൂം | ഓഫീസ് | ടോയ്‌ലറ്റുകൾ പെൺകുട്ടികൾ | ടോയ്‌ലറ്റുകൾ ആൺകുട്ടികൾ | അടുക്കള | സ്റ്റോർ റൂം | NCC റൂം | SPC റൂം | കമ്പ്യൂട്ടർ ലാബ് | സ്പോർട്സ് റൂം | കളിക്കളം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 23 | 1 | 1 | 1 | 1 | 1 | 19 | 4 | 1 | 1 | 1 | 1 | 1 | 1 | 1 | 1 |

## അക്കാദമിക നിലവാരം

## SSLC പരീക്ഷ വിശകലനം 2025 മാർച്ച്

| | |
|---|---|
| രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ | 244 |
| പരീക്ഷ എഴുതിയവർ | 244 |
| വിജയിച്ചവർ | 244 |
| വിജയശതമാനം | 100 |
| ഫുൾ എ പ്ലസ് | 47 |
| ഒൻപത്  എ പ്ലസ് | 17 |
| എട്ട്  എ പ്ലസ് | 19 |

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : എം റ്റി ഡി എം എച്ച് എസ് എസ് തൊണ്ടർനാട് |
| വിലാസം | : തൊണ്ടർനാട് പി ഒ, കോറോം, **670731** |
| ഫോൺ നമ്പർ | : **04935 235423** |
| സ്കൂൾ കോഡ് | : **15015** |
| വിദ്യാഭ്യാസ ജില്ല | : വയനാട് |
| വിദ്യാഭ്യാസ ഉപജില്ല | : മാനന്തവാടി |
| റവന്യൂ ജില്ല | : വയനാട് |
| ബി ആർ സി | : മാനന്തവാടി |
| ഗ്രാമ പഞ്ചായത്ത് | : തൊണ്ടർനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : മാനന്തവാടി |
| ജില്ലാ പഞ്ചായത്ത് | : വയനാട് |
| നിയമസഭാ മണ്ഡലം | : മാനന്തവാടി |
| ലോകസഭാ മണ്ഡലം | : വയനാട് |
| താലൂക്ക് | : മാനന്തവാടി |
| വില്ലേജ് | : കാഞ്ഞിരങ്ങാട് |
| ഇ മെയിൽ | : **mtdmhs@gmail.com** |

<u>സ്കൂൾ ചരിത്രം</u>

വീര പഴശ്ശിയുടെ പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ച ഗ്രാമമാണ് തൊണ്ടർനാട്. കർഷകരും ആദിവാസികളുമടങ്ങിയ സാധാരണക്കാരുടെ നാട്. വീര കേരള പഴശ്ശിരാജാ തന്റെ ആശ്രിതരായി കൂടെയെത്തിയ തൊണ്ടർ നമ്പ്യാർമ്മാർക്ക് പതിച്ചുനൽകിയ ഭൂപ്രദേശം തൊണ്ടർനാടടായെന്ന് പഴമ. ആ പഴമയുടെ പെരുമ പാടുന്ന തൊണ്ടർനാടിന് ഒരു പൊൻതിലകവുമായി ശോഭിക്കുന്ന വിദ്യാ കേന്ദ്രമാണ് എം റ്റി ഡി എം ഹയർ സെക്കന്ററി സ്കൂൾ തൊണ്ടർനാട്.

1979 ലാണ് തൊണ്ടർനാട് എം റ്റി ഡി എം സ്കൂളിന് തുടക്കം കുറിച്ചത്. 1979 ൽ സർക്കാർ മുസ്ലിം ഓർഫണെജ് ട്രസ്റ്റിന് അനുവദിച്ച സ്കൂൾ കോറോം മദ്രസയിലും തുടർന്ന് പാലേരി കുഞ്ഞിരാമൻ നായർ സൗജന്യമായി നൽകിയ സ്ഥലത്ത് രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ശ്രമഫലമായി നിർമ്മിച്ച ഓല ഷെഡ്ഡിൽ പ്രവർത്തനമാരഭിച്ചു. സ്ഥാപക മാനേജരായ മുട്ടിൽ ഓർഫനേജിന്റെ പ്രസിഡന്റായിരുന്ന ശ്രീ കെ പി ഹാജിയാർ സ്ഥാപനം നടത്തുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെട്ടപ്പോൾ പരിശുദ്ധ ബസേലിയോയ്സ് മാർത്തോമാ ദിതിമോസ് പ്രഥമൻ കത്തോലിക്ക ബാവായുടെ നേതൃത്വത്തിലുള്ള പത്തനാപുരം മൗണ്ട് താബോർ ഡയറയ്ക്ക് കൈമാറി. തുടർന്ന് പുതിയ കെട്ടിട സൗകര്യങ്ങൾക്ക് അടിത്തറയൊരുക്കുകയും സ്ഥാപനം വിപുലപ്പെടുകയും ചെയ്തു.

2010 ൽ വിദ്യാലയത്തെ ഹയര്സെക്കണ്ടറിയായി ഉയർത്തി. 2023 2024 2024 2025 വർഷങ്ങളിൽ എസ് എസ് എൽ സീ പരീക്ഷയിൽ 100 % വിജയവും. വയനാട്ടിലെ തന്നെ ഏറ്റവും അധിക എ പ്ലസുകൾ കരസ്ഥമാക്കുന്ന സ്കൂളുകളിൽ ഒന്നാവാനും എം റ്റി ഡി എമ്മിന് കഴിഞ്ഞു.

## ആമുഖം

സമഗ്രവിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയേയും ഉയർത്തിക്കൊണ്ട് വരുന്നതിനാണ് പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത് .
വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും നൈപുണിയും ശേഷികളും ചിന്തകളും മനോഭാവവും മൂല്യങ്ങളും അതിനനുസരിച്ച് മാറേണ്ടതുണ്ട് . അതാതു പ്രായത്തിൽ ആർജിക്കാവുന്ന ഏറ്റവും ഉയർന്ന തലത്തിലുള്ള അറിവും കഴിവും നേടാനും ജനാധിപത്യ മൂല്യബോധം ഉളവാക്കാനും എല്ലാ കുട്ടികൾക്കും തുല്യ അവസരം ഉണ്ടാകേണ്ടതുണ്ട്

അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ടാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ അടക്കം വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ പ്രയോജനപ്പെടുത്തി അധ്യാപകരെ സജ്ജമാക്കി പഠനാന്തരീക്ഷത്തിൽ ഗുണപരമായ മാറ്റങ്ങൾ ഈ മാർഗരേഖ ലക്ഷ്യമിടുന്നു

ജനകീയ പങ്കാളിത്തത്തോടെ നമ്മുടെ വിദ്യാലയത്തിന്റെ പാഠ്യേതര പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ മുന്നോട്ടു വയ്ക്കുന്നതാണ് ഈ മാസ്റ്റർപ്ലാൻ.

## ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തി ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ സർഗാത്മകവും അക്കാദമികവും കായികപരവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ അവരെ പ്രാപ്തരാക്കും .
- പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്ന, പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
- ഐ സി ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും ആക്കാദമിക പിന്തുണയും ഉറപ്പാക്കും.
- ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കും.
- ലൈബ്രറി, ലബോറട്ടറി എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കും.
- SSLC പരീക്ഷയിൽ 100% വിജയവും എ + നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഉയർത്തുന്നതാണ്.
- സ്കൂൾ തലത്തിൽ കൊഴിഞ്ഞുപോക്കു ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും
- കലാകായിക പ്രവർത്തി പരിചയ മികവുകൾ ഉറപ്പുവരുത്തിനു ആവശ്യമായ സൗകര്യങ്ങൾ ഒരുക്കും .
- ആരോഗ്യ വിദ്യാഭ്യാസം , കൗമാര വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതാണ്
- കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന് ശുചിത്വം, മാലിന്യ നിർമാർജ്ജനം എന്നിവ ഒരു സംസ്കാരമായി വളർത്തിയെടുക്കും
- വിവിധ ക്ലബ്ബുകൾ , SPC, NCC സ്കൗട്ട് ആൻഡ് ഗൈഡ്സ് , JRC, ഹരിത ക്ലബ്ബ് എന്നിവയുടെ പ്രവർത്തനങ്ങൾ മാതൃകാപരമാക്കും
- രക്ഷിതാക്കൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിനു PTA, പൊതുസമൂഹം എന്നിവയുടെ സഹകരണം ഉറപ്പാക്കും.

# മലയാളം (മാതൃഭാഷ)

## ആമുഖം

ഒരു വ്യക്തിയുടെ ചിന്ത, വ്യക്തിത്വം, സംസ്കാരം, ആശയവിനിമയം എന്നിവയെല്ലാം മാതൃഭാഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. നിത്യജീവിതത്തിലെ വ്യവഹാരങ്ങളിലൂടെയാണ് മാതൃഭാഷ വികസിക്കുന്നത്. വികാര വിചാരങ്ങളും ആശയങ്ങളും അന്യരിലേക്ക് പകരാനുള്ള ഫലപ്രദമായ മാധ്യമവും മാതൃഭാഷ തന്നെയാണ്. സാമൂഹിക ജീവിതം മെച്ചപ്പെടുത്താനുള്ള ഭാഷാപരിജ്ഞാനം ക്ലാസ്സ്മുറികളിൽ നിന്ന് കുട്ടികൾ ആർജ്ജിക്കേണ്ടതുണ്ട്. സ്വന്തം ഭാഷ കൂടുതൽ മികവുറ്റതാക്കാനുള്ള ശേഷികൾ കൈവരിക്കാനും ശാസ്ത്രവിഷയങ്ങളും മാനവിക വിഷയങ്ങളും ഫലപ്രദമായി വിനിമയം ചെയ്യുന്നതിനുമുള്ള പ്രാപ്തി നേടേണ്ടതുണ്ട്. പഠനവിടവുകൾ പരിഹരിക്കുന്നതിനും സുന്ദരവും വൈവിധ്യപൂർണ്ണവുമായ മാതൃഭാഷയുടെ മധുരവും മേന്മയും നന്മയും തിരിച്ചറിയുന്ന തരത്തിൽ അക്കാദമിക് മാസ്റ്റർപ്ലാനിന് രൂപം നൽകിയിരിക്കുന്നു.

2024-25 വർഷത്തെ വാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയത്തിൽ 8,9, ക്ലാസുകളിലെ വിദ്യാർത്ഥികൾ മാതൃഭാഷയിൽ നേടിയിട്ടുള്ള ഗ്രേഡുകളെ വിലയിരുത്തിയും 8 ലേക്ക് പുതിയതായി എത്തിച്ചേർന്ന വിദ്യാർത്ഥികളെ പ്രീടെസ്റ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിലും, D E ഗ്രേഡുകളിൽ എത്തിയ 24% വിദ്യാർത്ഥികൾ ഭാഷാശേഷിയിൽ പ്രാവീണ്യം നേടേണ്ടതുണ്ട്.അതോടൊപ്പം വിവിധ വ്യവഹാരരൂപങ്ങൾ കൈകാര്യം ചെയ്യാനും എല്ലാ വിദ്യാർത്ഥികൾക്കും കഴിയേണ്ടതുണ്ട്. പ്രസ്തുത വിഷയം എസ് ആർ ജി യോഗം ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ പ്രശ്നങ്ങളും രൂപപ്പെടുത്തി പരിഹാരം മാർഗങ്ങളും ഇതിൽ ലക്ഷ്യമിടുന്നു.

## പ്രശ്നങ്ങൾ

മുൻക്ലാസുകളിൽ ആർജ്ജിക്കേണ്ട ശേഷികൾ എല്ലാ കുട്ടികളും നേടിയിട്ടില്ല .

അക്ഷര തെറ്റുകൾ ചിഹ്നങ്ങളുടെ പ്രയോഗം വാക്യഘടന എന്നിവയിലുള്ള അവ്യക്തത.

വായന പ്രവർത്തനങ്ങളുടെ കുറവ്

വായിച്ച് ആശയം ഗ്രഹിക്കാനും ഗ്രഹിച്ച ആശയങ്ങളെ ഫലപ്രദമായി സന്ദർഭത്തിനനുസരിച്ച് പ്രകടിപ്പിക്കാനും കഴിയുന്നില്ല.

വിവിധ പഠന നിലവാരത്തിലുള്ള കുട്ടികളെ ഒന്നിച്ച് പരിഗണിക്കേണ്ടി വരുമ്പോൾ ഉള്ള പ്രശ്നങ്ങൾ

നിരന്തരവിലയിരുത്തൽ പ്രക്രിയയുടെ അപര്യാപ്തത .

എല്ലാ വീടുകളിലും ആവശ്യമായ പഠനാന്തരീക്ഷം ഉറപ്പു വരുത്തുന്നതിനും, കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനും പിന്തുണ നൽകുന്നതിനും ശേഷിയില്ലാത്ത രക്ഷിതാക്കൾ.

## ലക്ഷ്യങ്ങൾ

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

കുട്ടിയെ മെച്ചപ്പെട്ട വായനക്കാരനും ആസ്വാദകനുമാക്കി തീർക്കുക.

ഭാഷാപരമായി വ്യവഹാര രൂപങ്ങൾ പ്രയോഗിക്കാൻ ശേഷി ഉണ്ടാക്കുക

എല്ലാ കുട്ടികൾക്കും സർഗാത്മക പ്രവർത്തനത്തിനുള്ള അവസരം ഒരുക്കുക

കുട്ടിയെ മികച്ച എഴുത്തുകാരി/ൻ ആക്കുക

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** | **സാമ്പത്തിക സ്രോതസ്സ്** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | *പ്രീ ടെസ്റ്റ് നടത്തുക<br>*അക്ഷരങ്ങൾ ഉറപ്പിക്കുക<br>*ചിഹ്നങ്ങൾ ഉറപ്പിക്കാൻ<br>*അക്ഷരകാർഡ്<br>*വാക്കുകൾ വാക്യങ്ങൾ നിർമ്മിക്കൽ<br>* ചിത്ര വായന<br>*അടിക്കുറിപ്പ്<br>*ചിത്രം കഥ പറയൽ<br>* ചിത്രം കഥയെഴുതൽ<br>* കഥ പൂരിപ്പിക്കൽ<br>*കഥാപുസ്തകം നൽകൽ<br>*പിന്നോക്കാവസ്ഥയ്ക്ക് 'മിഠായി' | 2025 ജൂൺ മുതൽ ആഗസ്റ്റ് വരെ | ഷീന ബേബി | പിടിഎ<br>വിദ്യാർഥികൾ |

| | | | | |
|---|---|---|---|---|
| | (ഹെൽപ്പിംഗ് ഹാൻഡ് )മൊഡ്യൂൾ പ്രകാരം പ്രത്യേക പരിശീലനങ്ങൾ<br>*ഭാഷാ നിഘണ്ടു തയ്യാറാക്കൽ<br>*പ്രാദേശിക ഭാഷാ നിഘണ്ടു | | | |
| കുട്ടിയെ മെച്ചപ്പെട്ട വായനക്കാരനും ആസ്വാദകനും ആക്കി മാറ്റുക | *സ്കൂൾ ലൈബ്രറി സജീവമാക്കുക<br>*ലൈബ്രറി കൗൺസിൽ രൂപീകരണം<br>*ക്ലാസ്സ് ലൈബ്രറി സജ്ജമാക്കുക<br>*വായനക്കൂട്ടം രൂപീകരണം<br>*പുസ്തക ചർച്ച<br>*വായനോത്സവം<br>*പത്രവായന<br>*വായനാനുഭവം പങ്കുവെക്കൽ<br>*വായനക്കുറിപ്പ് പതിപ്പ്<br>*അമ്മ വായന<br>*E-വായന<br>*സ്കൂൾലൈബ്രറി വിപുലീകരണം<br>*എല്ലാ കുട്ടികളെയും നാട്ടിലെ ലൈബ്രറികളിൽ അംഗത്വം എടുപ്പിക്കൽ | 2025 ജൂൺ മുതൽ 2026 ഫെബ്രുവരി വരെ | ഷാജി ഇ ടി | പിടിഎ സന്നദ്ധ സംഘടനകൾ സംഭാവന പ്രസാധകർ |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും സർഗാത്മക പ്രവർത്തനത്തിനുള്ള അവസരം ഒരുക്കുക | *എഴുത്തുകൂട്ടം രൂപീകരിക്കുക<br>*കഥാപതിപ്പ്<br>*കവിത പതിപ്പ്<br>*വായന പതിപ്പ്<br>*യാത്ര വിവരണ പതിപ്പ്<br>*പ്രാദേശിക ചരിത്രരചന<br>*നാടൻപാട്ട് ശേഖരണം<br>*ഡിജിറ്റൽ മാഗസിനുകൾ<br>*ചുമർപത്രിക<br>*സ്കൂൾപത്രം<br>*പുസ്തക പ്രസിദ്ധീകരണം<br>*കഥയരങ്ങ്/ കവിതയരങ്ങ്<br>*പ്രസംഗ പരിശീലനം<br>*ഭാഷാ പ്രൊജക്റ്റ്<br>*ദിനാചരണങ്ങൾ | 2025 ജൂൺ മുതൽ 2026 ജനുവരി വരെ | ഷെല്ലി സെബാസ്റ്റ്യൻ<br><br>ഷാജി ഇ ടി | പിടിഎ<br>സന്നദ്ധ സംഘടന |
| ഭാഷാധ്യാപകരുടെ ശേഷി വർദ്ധിപ്പിക്കുന്ന | *എല്ലാ വെള്ളിയാഴ്ചയും എസ്ആർ.ജി മീറ്റിംഗ്<br>*പാഠാസൂത്രണത്തിൽ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് പുതിയ രീതിശാസ്ത്രം പ്രയോഗിക്കുന്നതി | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ഷീന ബേബി<br><br>ഷെല്ലി സെബാസ്റ്റ്യൻ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ന്നുള്ള പരിശീലനം. | | | |
| പ്രത്യേക പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള പരിശീലനം | *മാതാപിതാക്കൾക്ക് പരിശീലനം<br>*അമ്മ വായന<br>*വീട്ടിൽ ഒരു ലൈബ്രറി | 2025 ജൂലൈ മുതൽ 2026 ഫെബ്രുവരി വരെ | ഷീന ബേബി<br>ഷാജി ഇ ടി<br>ഷെല്ലി | പിടിഎ |
| പാഠപുസ്തക വിനിമയത്തിൽ നൂതന തന്ത്രങ്ങൾ ആവിഷ്കരിക്കുക | * 8 9 10 ക്ലാസുകളിലെ പാഠപുസ്തക വിനിമയത്തിന് പുതിയ തന്ത്രങ്ങൾ ആവിഷ്കരിക്കുക<br>*ഐ സി ടി അധിഷ്ഠിത രീതിശാസ്ത്രം രൂപപ്പെടുത്തുക<br>*ചോദ്യാവലികൾ പരിചയപ്പെടുത്തുക | 2025 ജൂൺ മുതൽ 2026 മാർച്ച് വരെ | ഷാജി ഇ ടി<br>ഷീന ബേബി<br>ഷെല്ലി സെ | അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **HS** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# <u>അക്കാദമിക് മാസ്റ്റർ പ്ലാൻ</u>

## PROJECT (SANSKRIT)

---

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

✿✿——✿✿——✿✿

M T D M H S THONDERNAD

# ACADEMIC MASTER PLAN 2025-26

# ഉർദു

M T D M H S - തോണ്ടർനാട്
മാനന്തവാടി വയനാട്

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

# ഉർദു

## ആമുഖം

ഇന്തോ-ആര്യൻ ഭാഷാ ഗോത്രത്തിലെ പ്രധാന ഭാഷകളിൽ ഒന്നാണ് ഉർദു. അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരഭാഷയായ ഉർദു ഗസലുകളുടെയും ഖവ്വാലികളുടെയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും അന്തർധാരയാണ്. സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയായാണ് ഉർദു അറിയപ്പെടുന്നത്. തലപ്പുഴ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്വതന്ത്രമായ സർഗാത്മക രചനകൾ നടത്തുക.
- സവിശേഷമായ വിഷയങ്ങൾക്ക് അനുസൃതമായി എഴുതാനും ചിത്രരചനക്കും പ്രാവീണ്യം വളർത്തിയെടുക്കുക.
- ഉർദു ഭാഷയോട് താൽപര്യം ജനിപ്പിക്കുക
- കഥകൾ, കവിതകൾ, സംഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ തുടങ്ങി പരിചയപ്പെടുന്ന രചനകളിൽ സ്വന്തം ജീവിത പരിസരം, ജീവിതാനുഭവങ്ങൾ, സങ്കൽപങ്ങൾ, ഭാവന തുടങ്ങിയവ ഉൾപ്പെടുത്തി സർഗാത്മക

മായ കൂട്ടിച്ചേർക്കലുകൾ നടത്തുക.

- പരിചയപ്പെടുന്ന രചനകളെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് മാറ്റാനും അവതരിപ്പിക്കാനുമുള്ള ശേഷി വളർത്തുക.
- കൂട്ടുകാരോടും അധ്യാപകരോടും രക്ഷിതാക്കളോടും മുതിർന്നവരോടും സ്വതന്ത്രമായി ആശയവിനിമയത്തിൽ ഏർപ്പെടുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന പഠന ലക്ഷ്യങ്ങൾ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- എട്ട് മുതൽ പത്ത് വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും പത്താം ക്ലാസ് കഴിയുന്നതോടെ ഉർദു വായിക്കാനും എഴുതാനും അത്യാവശ്യം ആശയവിനിമയം നടത്താനും സർഗാത്മക രചനകളിൽ ഏർപ്പെടാനുമുള്ള ശേഷി നേടുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉർദു ഭാഷ ടൈപ്പ് ചെയ്യാനും സ്വന്തം രചനകളിൽ ആവശ്യമായ ലേയൗട്ട് ചെയ്യാനുമുള്ള പരിശീലനം നൽകുക.
- ഉർദു ഭാഷയെ കുറിച്ച് സാമാന്യ അവബോധം വളർത്തുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

# പ്രവർത്തന കലണ്ടർ

## 1. പദ്ധതിയുടെ പേര് : پڑھ کر بڑھیں (വായിച്ച് വളരാം)

| | |
|---|---|
| **ലക്ഷ്യം/ഉദ്ദേശ്യം** | വായനയും ഉച്ചാരണവും മെച്ചപ്പെടുത്താൻ (വായനാകാർഡുകൾ, ബാലമാസികകൾ, പത്രങ്ങൾ, ആനുകാലിക സംഭവങ്ങൾ, കവിതകൾ, ഫലിതങ്ങൾ....) |
| **പ്രക്രിയ** | വായന മെച്ചപ്പെടുത്താൻ ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കൽ |
| **കാലയളവ്** | 3 മാസം (ജൂൺ - ആഗസ്ത്) |
| **നിർവഹണം** | ടീച്ചർ, എച്. എം, പി.ടി.എ |
| **സാമ്പത്തികം** | |
| **ഡോക്യുമെന്റേഷൻ** | ടീച്ചർ |
| **പ്രചരണം** | ടീച്ചർ |
| **മോണിറ്ററിംഗ്, വിലയിരുത്തൽ** | ടീച്ചർ, എച്. എം, പി.ടി.എ |

## 2. പദ്ധതിയുടെ പേര് : لکھ کر پڑھیں (എഴുതിപ്പഠിക്കാം)

| | |
|---|---|
| **ലക്ഷ്യം/ഉദ്ദേശ്യം** | എഴുത്ത് മെച്ചപ്പെടുത്താൻ<br>(നോട്ടിസ് ബോർഡ്, പോസ്റ്റർ...) |
| **പ്രക്രിയ** | അതാത് ദിവസങ്ങളിലെ പ്രധാന വാർത്തകൾ കുട്ടികൾ സ്വന്തം ശൈലിയിൽ എഴുതി പ്രദർശിപ്പിക്കുന്നു.<br>വിശേഷ ദിവസങ്ങൾക്ക് അനുയോജ്യമായ പോസ്റ്ററുകൾ നിർമ്മിക്കുന്നു. |
| **കാലയളവ്** | 3 മാസം (സെപ്തംബർ-നവംബർ) |
| **നിർവഹണം** | ടീച്ചർ, എച്. എം, പി.ടി.എ |
| **സാമ്പത്തികം** | |
| **ഡോക്യുമെന്റേഷൻ** | ടീച്ചർ |
| **പ്രചരണം** | ടീച്ചർ |
| **മോണിറ്ററിംഗ്, വിലയിരുത്തൽ** | ടീച്ചർ, എച്. എം, പി.ടി.എ |

**3. പദ്ധതിയുടെ പേര്:** کر کے دکھائیں (ചെയ്തു കാണിക്കാം)

| | |
|---|---|
| **ലക്ഷ്യം/ഉദ്ദേശ്യം** | സർഗാത്മക കഴിവ് പരിപോഷിപ്പിക്കാൻ (സംഗീതം, ചിത്രരചന, സാങ്കേതിക വിദ്യാ പരിജ്ഞാനം...) |
| **പ്രക്രിയ** | കഥ, കവിത രചനകൾ, കവിതാലാപനം, ചിത്രരചന, ചുമർ ചിത്രങ്ങൾ, കാലിഗ്രാഫി, ഡിജിറ്റൽ ഉൽപന്നങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നു. |
| **കാലയളവ്** | 3 മാസം (ഡിസംബർ-ഫെബ്രുവരി) |
| **നിർവഹണം** | ടീച്ചർ, എച്. എം, പി.ടി.എ |
| **സാമ്പത്തികം** | |
| **ഡോക്യുമെന്റേഷൻ** | ടീച്ചർ |
| **പ്രചരണം** | ടീച്ചർ |
| **മോണിറ്ററിംഗ്, വിലയിരുത്തൽ** | ടീച്ചർ, എച്. എം, പി.ടി.എ |

## English

he academic  master plan for English is a comprehensive Framework designed to guide high school students in developing the language skills, critical thinking and literary analysis. This plan aims to provide a structure approach to learn English ,ensuring students achieve academic excellence and prepare for future success . This  also to guide students through a structural goal oriented approach to master English across all key areas:Reading comprehension ,writing  skills and literature .

## Language barriers

- Difficulty in understanding and communicating in English.
- Struggling with English grammar and sentences structure.
- Limited vocabulary and difficulty with word meaning.
- Difficulty in understanding and analysing Complex texts.
- Struggling with  writing styles.
- Difficulty with pronunciation and speaking fluently.

| Objectives | Activities | Time | Charge | Source |
|---|---|---|---|---|
| Enable students to understand and analyse complex literary and non-literary text. | • Literary text analysis (Book review )<br>• Read a specific book and conduct a book review.<br>• Conduct reading week.<br>• Conduct reading workshops to discuss and analyse texts.<br>• Book clubs Organise book clubs to promote reading and discussion. | One Year | English Teachers | PTA, Studedents & Teachers |
| Enhance writing skills. | • Conduct essay writing competition, short story writing, poem writing | One Year | English Teachers | PTA, Studedents & Teachers |

| | | | | |
|---|---|---|---|---|
| Improve vocabulary. | • Introduce "word of the day ".<br>• Create vocabulary lists with words and phrases relevant to texts.<br>• Vocabulary games.<br>• Role Play<br>• Recitation | Six Months | English Teachers | PTA, Studedents & Teachers |
| Develop critical thinking | • Organise debates on relevant topics.<br>• Speech competition. | Six Months | English Teachers | PTA, Studedents & Teachers |
| Sharpen skills of communication | • Conduct English Assembly<br>• Literary appreciation.<br>• Literary festivals.<br>• Organise literary festivals.<br>• Introduce an author and a book.<br>• Literary magazine. | One Year | | PTA, Studedents & Teachers |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 2026

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതുവാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കാൻ. | 1) ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | | ഹിന്ദി അധ്യാപകർ | |
| 2) അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക | 2) പരിമിതികൾ പരിഹരിക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ.<br>* പതിപ്പുകൾ മാഗസിനുകൾ<br>* രചന ശില്പശാല<br>* ഹിന്ദി ദിനാചരണം \അസംബ്ലി | ആഗസ്റ്റ് | | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | PTA |
| 3) കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ ഹിന്ദിയിൽ പഠിക്കുക. | ഒഴിവുസമയങ്ങളിൽ പ്രത്യേക ക്ലാസ്<br>* വായനാ മൂല<br>* പദപ്പയറ്റ്<br>* ചോദ്യോത്തര പയറ്റ | സെപ്റ്റംബർ | പുസ്തകങ്ങൾ, വീഡിയോകൾ, ചിത്രങ്ങൾ, etc.... | ഹിന്ദി അധ്യാപകർ | |
| 4) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുക. | * നിഘണ്ടു നിർമ്മാണം<br>*മാഗസിൻ നിർമ്മാണം<br>*ദിനാചരണങ്ങൾ | ഒക്ടോബർ | ഹിന്ദി<br>ഹിന്ദി | ഹിന്ദി ക്ലബ് | PTA |
| 5) എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി | പോസ്റ്റർ നിർമ്മാണം<br>കഥ - ഉപന്യാസം | നവംബർ | | ഹിന്ദി ക്ലബ് | |

| | | | |
|---|---|---|---|
| വായിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. | രചിക്കൽ & അവതരണം etc... | | |
| 6) സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടുത്തൽ<br>* കഥ,കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച്/ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc... | ഡിസംബർ | ഹിന്ദി അധ്യാപകർ |
| 7) ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്താൻ<br>വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ, ഹിന്ദി സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ. | ജനുവരി ഫെബ്രുവരി | ഐ ടി അധ്യാപകർ |
| 8) ഭാഷ ലാബ് | വിവിധ കലാരൂപങ്ങളുടെ മാതൃക | മാർച്ച് | ഹിന്ദി അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ( project)

**1)ഹിന്ദി ലൈബ്രറി**

ഹിന്ദി ഗ്രന്ഥങ്ങൾ,ബാലകഥകൾ,ബാലകവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഹിന്ദി ലൈബ്രറിയുടെ നിർമ്മാണം.

**2) ഹിന്ദി ദിനാചരണം**

ഹിന്ദി ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ.

**3) ഹിന്ദി അസംബ്ലി**

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾതലത്തിൽ അസംബ്ലി അവതരിപ്പിക്കാൽ.

**4) ഹിന്ദി സംഭാഷണ ശിബിരം**

സംഭാഷണ പാടവം മെച്ചപ്പെടുത്തുന്നതിനായി സംഭാഷണ ശിബിരങ്ങൾ സംഘടിപ്പിക്കൽ

**5) പഠനയാത്രകൾ സംഘടിപ്പിക്കൽ**

ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ

**6) വിവിധ മത്സരങ്ങൾ**

കഥാ രചന, കവിത രചന, ഉപന്യാസ രചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

**7) ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്താൻ**

വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ, ഹിന്ദി സിനിമകൾ, ഷോർട്ട് ഫിലിമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# 7. അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

മേഖല : **അക്കാദമികം**

ഉപ മേഖല: **ശാസ്ത്രം**

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | * പ്രീ-ടെസ്റ്റ് ചോദ്യനിർമാണം , ടെസ്റ്റ്, മൂല്യനിർണയം<br>* പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധനസാമഗ്രികൾ തയ്യാറാക്കൽ, ആസൂത്രണം<br>* ആശയ ധാരണകൾ ഉറപ്പിക്കൽ<br>* പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് എക്സ്ട്രാ /ഒഴിവുദിന വിനിമയം | ജൂൺ ജൂലൈ | ശാസ്ത്രാ ധ്യാപകർ | SRG |
| 2 | ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | * Science Club രൂപീകരണവും വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കലും<br>* Science Bulletin Board ന്റെ കാര്യക്ഷമമായ ഉപയോഗം<br>* സഹവാസ ക്യാമ്പ് (വിവിധങ്ങളായ ശാസ്ത്ര ക്ലാസ്സുകൾ , നിർമാണം) | ജൂൺ,<br>യഥാസമയങ്ങളിൽ | അധ്യാപകർ, SRG Science Club | SMC, PTA<br>Rs:- 5000 |
| 3 | സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>* ഇരിപ്പിടം, വെളിച്ചം, വെള്ളം, സുരക്ഷാസംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ<br>* ക്ലാസുകളിലേക്ക് എളുപ്പം കൊണ്ടുപോകാവുന്ന mobile lab kit | ആദ്യ ടേം | ശാസ്ത്രാ ധ്യാപകർ, SSC | SSA, RMSA<br>SRG<br>SMC, PTA<br>Panchayathu<br>Rs:- 30000 |
| 4 | അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ , പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | * സ്കൂൾ ക്യാമ്പസിൽ പഴം - പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം<br>* ജൈവവൈവിധ്യ പാർക്ക്<br>* ശാസ്ത്രീയ നാമം , പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി 'പ്രകൃതി തന്നെ പാഠ പുസ്തകം ' ആയി മാറുന്നു. | ഒരു വർഷം | ശാസ്ത്രാ ധ്യാപകർ | കൃഷിഭവൻ<br>കർഷകർ,<br>SMC, PTA |
| 5 | മാലിന്യമുക്ത – ആരോഗ്യ- ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * പരിസര ശുചീകരണം, ശുചിത്വ ബോധവൽക്കരണം, കൊളാഷ്<br>* കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ്, വൈദ്യ പരിശോധന<br>* ജീവിതശൈലീരോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ് (ഫാസ്റ്റ് ഫുഡ്)<br>* വിവിധ ഡിവിഷനുകളിൽ/വാർഡുകളിൽ ആരോഗ്യ സർവേ | യഥാസമയങ്ങളിൽ | ശാസ്ത്രാ ധ്യാപകർ | ആരോഗ്യ വകുപ്പ്<br>ICDS Panchayathu |

| | | | | | |
|---|---|---|---|---|---|
| 6 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും ശാസ്ത്രാഭിരുചി വളർത്താനും ശാസ്ത്രോത്സവം | * സ്കൂൾ ശാസ്ത്ര മേള<br>* സ്കൂളിൽ ഒരു 'അനാട്ടമി പാർക്ക്' (മനുഷ്യ അവയവ വ്യവസ്ഥകൾ)<br>* ശാസ്ത്രോപകരണ നിർമാണ ശില്പശാല .<br>* ലഘു പരീക്ഷണങ്ങളുടെ നിർവഹണം, മോഡൽ നിർമാണം<br>* ശാസ്ത്ര ക്വിസ്, ശാസ്ത്ര മാജിക് (കൗതുകകരമായ പരീക്ഷണങ്ങൾ)<br>* ബയോഗ്യാസ് പ്ലാന്റ് | ആദ്യ ടേം<br><br>ഹ്രസ്വ കാലം | ശാസ്ത്രാ ധ്യാപകർ | District panchayathu<br>SMC, PTA<br><br>Rs:- 10,000 |
| 7 | പ്രയാസമേറിയ ശാസ്ത്രപാഠഭാഗങ്ങൾ മനസ്സിലാകാനുതകുന്ന വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | * ഭിന്ന നിലവാരക്കാർക്കും ഭിന്നശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>* സ്വയം ചെയ്യൽ, ഗ്രൂപ്പിൽ ചെയ്യൽ | ജൂലൈ | ശാസ്ത്രാ ധ്യാപകർ | വിഷയ സമിതി |
| 8 | ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര തൽപരതയുണർത്താനും | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക .<br>* സ്പെസിമെൻ ശേഖരണം / നിർമാണം<br>* ശാസ്ത്രപ്പതിപ്പുകൾ , കൊളാഷ്, ചാർട്ടുകൾ തയ്യാറാക്കൽ<br>* ശാസ്ത്ര പഠനയാത്രകൾ (ISRO, CUSAT, കാർഷിക സർവ്വകലാശാലാ കേന്ദ്രങ്ങൾ, പ്ലാനറ്റേറിയം, അക്വാറിയം, Biodiversity പാർക്കുകൾ ) | യഥാസമ യങ്ങളിൽ | ശാസ്ത്രാ ധ്യാപകർ | SMC, PTA<br>SSA, RMSA, DIET<br><br>Rs:- 25,000 |
| 9 | ആകാശ വിസ്മയങ്ങളും പ്രപഞ്ചസത്യ ങ്ങളും ഉൾക്കൊണ്ടുകൊണ്ട് ശാസ്ത്രീയ രീതിയിലുള്ള കുട്ടിയുടെ വികാസം | * വാനനിരീക്ഷണവും ക്ലാസ്സും<br>* ജ്യോതിശ്ശാസ്ത്രസമസ്യകൾക്ക് ഉത്തരം ലഭിക്കുന്നതരം പഠന പ്രവർ ത്തനങ്ങൾ | ഡിസംബ ർ<br>-ജനുവരി | ശാസ്ത്രാ ധ്യാപകർ | SMC, PTA |
| 10 | ശാസ്ത്ര പ്രതിഭകളെ തിരിച്ചറിഞ്ഞ് രാഷ്ട്രത്തിന് മുതൽക്കൂട്ടാക്കി മാറ്റൽ | * പ്രതിഭകൾക്ക് പ്രത്യേക പരിശീലനം<br>(ഭിന്നശേഷിക്കാരിലെ പ്രതിഭകളെയും കണ്ടെത്തുന്നു)<br>* ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖവും പാരസ്പര്യവും<br>* വ്യവസായശാലകൾ, ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കൽ<br>*NMMS പരിശീലനം | രണ്ടാം ടേമിൽ | ശാസ്ത്രാ ധ്യാപകർ | SRG<br>Rs:- 6,000 |
| 11 | ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ (ICT സാധ്യകൾ) | *പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, ആനിമേഷൻ, വെർച്വൽ പരീക്ഷണങ്ങൾ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | എല്ലായ് പ്പോഴും | ശാസ്ത്രാ ധ്യാപകർ | SITC, JSITC<br>KITE (IT@School)<br>SCERT |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

## മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ,<br>സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്,<br>മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി,<br>അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി,<br>അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM,<br>പി.ടി.എ. പ്രസിഡണ്ട് | |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| കാലാവസ്ഥ വ്യതിയാനങ്ങൾ മനസ്സിലാക്കുന്നതിനും മഴ പഠനം നടത്തുന്നതിനുള്ള ശേഷിവികസിപ്പിക്കൽ | • മഴമാപിനി നിർമ്മാണം<br>• ലളിതമായ രീതിയിൽ മഴ മാപിനി നിർമ്മിക്കാനുള്ള പരിശീലനം എല്ലാ കുട്ടികൾക്കും നൽകുന്നു<br>• നിർമ്മിച്ച മഴ മാപിനി, സ്കൂളിലെ വീട്ടിലും സ്ഥാപിച്ച് മഴ അളന്ന രേഖപ്പെടുത്തുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |
| എല്ലാ കുട്ടികളിലും പത്ര വായനാശീലം ഉറപ്പാക്കൽ പ്രവർത്തനങ്ങൾ | • പത്രവായന<br>• എല്ലാ ദിവസവും ക്ലാസുകളിൽ പ്രധാനപ്പെട്ട വാർത്തകൾ വായിക്കുന്നു<br>• പത്രവാർത്ത ക്വിസ് സ്<br>• എല്ലാ വെള്ളിയാഴ്ചയും ആഴ്ചയിലെ പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് മത്സരം ,ഉത്തര പെട്ടിയിൽ നിക്ഷേപിക്കും | ജൂൺ മുതൽ മാർച്ച് വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |
| എല്ലാ കുട്ടികളിലും അന്വേഷണ കൗതുകം, ചരിത്രാവബോധം നിരീക്ഷണ പാടവം തുടങ്ങിയ ശേഷികൾ വികസിപ്പിക്കൽ | • പഠനയാത്രകൾ (കുങ്കിച്ചിറ മ്യൂസിയം, എടക്കൽ ഗുഹ, പഴശ്ശി കുടീരം മാനന്തവാടി )<br>• പുരാവസ്തു പ്രദർശനം | ഒക്ടോബര് മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഐസിടി സാധ്യതകൾ ഉപയോഗപ്പെടു ത്താൻ ഉള്ള ശേഷി വികസിപ്പിക്കൽ | • ചരിത്രം ,ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്ര ശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് സ്ലൈഡുകൾ തയ്യാറാക്കി ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |
| ഭൂപട രചന ,ഭൂപട വിശകലനശേഷി വളർത്തൽ | • പ്രാദേശിക വിഭവ ഭൂപട നിർമ്മാണം, സ്കൂൾ സ്ഥിതി ചെയ്യുന്ന തൊ ണ്ടർനാട് പ്രദേശത്തിന്റെ ഭൂപടം തയ്യാറാക്കുന്നു. സവിശേഷതകൾ അടയാളപ്പെടുത്തുന്നു. | ജൂൺ മുതൽ ഒക്ടോബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |
| കുട്ടികളിൽ സാമാന്യ നിയമങ്ങൾ, അവകാശങ്ങൾ , കടമകൾ തുടങ്ങിയവയെ കുറിച്ച് ധാരണ രൂപീകരിക്കൽ | • സെമിനാർ- നിയമപഠനം-<br>• വക്കീലിന്റെ സഹായത്തോടെ സെമിനാർ സംഘടിപ്പിക്കൽ | ജൂൺ മുതൽ ഒക്ടോബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |
| എല്ലാ കുട്ടികളിലും സാമൂഹ്യ ശാസ്ത്രവബോധം വളർത്തി പഠന നിലവാരം ഉയർ ത്തൽ | • സോഷ്യൽ സയൻസ് ഫെസ്റ്റ്<br>• വിവിധ ക്ലാസുകളിലെ സോഷ്യൽ സയൻസ് പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്<br>• തയ്യാറാക്കിയ ഉൽപ്പന്നങ്ങളുടെ പ്രദർശനം വർക്കിംഗ് | ജൂൺ മുതൽ മാർച്ച് വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |

| | | | | |
|---|---|---|---|---|
| | മോഡലുകൾ സ്റ്റാമ്പ് നാണയം കറൻസി മുതലായവ. | | | |
| പൊതു ഇടം പൊതു സ്ഥാപനം എന്നിവയെ കുറിച്ച് ധാരണ വളർത്തി പൗരബോധം രൂപീകരിക്കൽ | • പൊതു സ്ഥാപന സന്ദർശനം (പഞ്ചായത്ത്, കൃഷിഭവൻ ഗവൺമെൻറ് ആശുപത്രി.) | ഒക്ടോബര് മുതൽ ഡിസംബർ വരെ | സോഷ്യൽ സയൻസ് അധ്യാപകർ | പി ടി എ , വിദ്യാർഥികൾ, അധ്യാപകർ |

# കലാപഠനം

**ആമുഖം**

ഒരു കുട്ടിയുടെ വ്യക്തിത്വ വികാസത്തിൽ കലാ വിദ്യാഭ്യാസം നിർണായക പങ്ക് വഹിക്കുന്നു. ഇത് സർഗ്ഗാത്മകതയെ പരിപോഷിപ്പിക്കുന്നു, അക്കാദമിക് പ്രകടനം മെച്ചപ്പെടുത്തുന്നു, ആശയവിനിമയവും വിമർശനാത്മക ചിന്താശേഷിയും വർദ്ധിപ്പിക്കുന്നു. കലയിലൂടെ വിദ്യാർത്ഥികൾ സ്വയം പ്രകടിപ്പിക്കൽ, സാംസ്കാരിക അവബോധം, സഹകരണം, അച്ചടക്കം എന്നിവ പഠിക്കുന്നു. ഇത് വൈകാരിക ക്ഷേമത്തെ പിന്തുണയ്ക്കുന്നു, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു, സൃഷ്ടിപരമായ കരിയറുകളിലേക്കുള്ള വാതിലുകൾ തുറക്കുന്നു. ഇതെല്ലാം സ്കൂൾ ജീവിതത്തെ കൂടുതൽ സന്തോഷകരവും അർത്ഥവത്തായതുമാക്കുന്നു

കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയാനും പഠനം കൂടുതൽ ആസ്വാദ്യകരമാക്കുവാനും ഉതകുന്ന തരത്തിലാണ് 2025 - 2026 അധ്യയന വർഷത്തെ മാസ്റ്റർപ്ലാൻ രൂപം നൽകിയിരിക്കുന്നത്

**പ്രതിസന്ധികൾ**

നിലവിൽ കുട്ടികൾക്ക് ടെക്സ്റ്റ് ബുക്കുകൾ ഉണ്ട്. വളരെ കോംപ്ലക്സ് ആയ ഒരു സിലബസ് ആണ് കുട്ടികൾക്ക് പഠിക്കുവാൻ ഉള്ളത്. അതുകൊണ്ട് തന്നെ കലാപഠനത്തിന്റെ യഥാർത്ഥ ഉദ്ദേശം സ്കൂളിൽ നടക്കുവാൻ ഈ സിലബസ് ഒരു വിലങ്ങു തടിയാണ്.

**ലക്ഷ്യങ്ങൾ**

കുട്ടികളിലെ സർഗാത്മകമായ കഴിവുകളെ കണ്ടെത്താനും അവയെ പരിപോഷിപ്പിക്കാനും സഹായിക്കുക. അത്തരം കഴിവുകൾ മെച്ചപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ അക്കാദമികമായ ശേഷി മെച്ചപ്പെടുത്തുവാനും സാധിക്കുന്നു. കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുവാൻ സാധിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ് |
|---|---|---|---|---|
| കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുക | കലാപഠനം കൂടുതൽ രസകരവും ലളിതവുമാക്കുക | ഒരു വർഷം | ജോർജ് ജോസഫ് കെ | സ്കൂൾ മാനേജ്മന്റ്, പി റ്റി എ |
| കുട്ടികളിലെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക | ആദ്യ മാസം തന്നെ കുട്ടികളെ ഗ്രൂപ്പുകളായി തിരിച്ച്, ഓരോ ഗ്രൂപ്പിനും മൂന്ന് മെന്റർ അധ്യാപകരെ നൽകിക്കൊണ്ട് അവരെ സ്കൂൾ കലോത്സവത്തിനായി തയ്യാറെടുപ്പിക്കുന്നു. | മൂന്ന് മാസം | ജോർജ് ജോസഫ് കെ | സ്കൂൾ മാനേജ്മന്റ്, പി റ്റി എ, വിദ്യാർത്ഥികൾ |
| | കുട്ടികളിൽ നിന്ന് തന്നെ താൽപര്യമുള്ളവരെ കണ്ടെത്തി പൂർണ്ണമായും കുട്ടികൾ തന്നെ തയ്യാറാക്കുന്ന ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുക. | ഒരു മാസം | | |

| | | | | |
|---|---|---|---|---|
| കുട്ടികളിലെ സർഗാത്മകമായ കഴിവുകളെ പരിപോഷിപ്പിക്കുക | ഓരോ വിഷയത്തിലേയും എക്സ്പെർട്ടുകളെ ( സംഗീതം, നൃത്തം, നാടകം, സിനിമ ) കൊണ്ട് സ്കൂളിൽ ഏകദിന ശില്പശാല നടത്തുക | ഒരു വർഷം | ജോർജ് ജോസഫ് കെ | സ്കൂൾ മാനേജ്മെന്റ്, പി റ്റി എ, വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025- 26 .

## Work Education

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| കൈത്തൊഴിൽ പരിശീലനം. സ്വയം പര്യാപ്തത കൈവരിക്കുന്നു | എംബ്രോയിഡറി പരിശീലനം . കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം | 2025-ജൂലൈ മുതൽ സെപ്റ്റംബർ വരെ. | പ്രവർത്തിപരിചയ അധ്യാപിക എക്സ്പെർട്ടിന്റെ സഹായത്തോടെ. | പിടിഎ /സ്പോൺസർമാരെ കണ്ടെത്തുന്നു. |
| തയ്യൽ പരിശീലനം. [കുട്ടികളിൽ സ്വാശ്രയത്വം വളർത്തുന്നത് ലക്ഷ്യം വെച്ചുകൊണ്ട്] | തയ്യൽ പരിശീലനം(പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്) | അക്കാദമിക വർഷം(ആഴ്ചയിൽ മൂന്നുദിവസം) | പ്രവർത്തിപരിചയ അധ്യാപിക. | പിടിഎ/പൂർവ്വ വിദ്യാർത്ഥികൾ/സ്കൂൾ മാനേജ്മെൻറ് |
| പാഴ്വസ്തു പരിപാലനം. അലങ്കാര സാധ്യതകൾ മനസ്സിലാക്കുന്നു | ക്രാഫ്റ്റ് വർക്കുകൾ . (ഉപയോഗശൂന്യമായ വസ്തുക്കൾ ഉപയോഗിച്ച് ഉപയോഗപ്രദമായയുടെ നിർമ്മാണം) ഫാബ്രിക് പെയിൻറിംഗ് പോട്ട് പെയിൻറിംഗ് വെജിറ്റബിൾ പെയിൻറിംഗ് | ഒക്ടോബർ to ഡിസംബർ | പ്രവർത്തിപരിച അധ്യാപിക. കലാ അധ്യാപകൻ. (വിദഗ്ധ സേവനം ഉപയോഗപ്പെടുത്തി) | പിടിഎ,തദ്ദേശ സംഘടനകൾ/പഞ്ചായത്ത് |



MTDMHSS Thondernad
Thondernad (P.O), Korome, 670731
mtdmhs@gmail.com